പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1722 21/01/2014- ൽ മറുപടിക്ക്

കോഴിക്കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കാലവർഷക്കെടുതി മൂലം കോഴിക്കർഷകർക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ട പരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) ഇടിമിന്നൽ, കാറ്റ്, മഴ, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ തുടങ്ങിയ പ്രകൃതിക്ഷോഭ ദുരന്തങ്ങൾ മൂലം ഉരുക്കൾ നഷ്ടപ്പെടുന്ന കർഷകർക്കാണ് നഷ്ടപരിഹാരം നൽകി വരുന്നത്. കാലവർഷക്കെടുതി മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത് റവന്യൂ വകുപ്പിന്റെ 12/09/2012 ലെ ജി.ഒ. (എം.എസ്) 343/12/ഡിഎംഡി നമ്പർ ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവു പ്രകാരം കോഴി ഒന്നിന് 37/- രൂപ നിരക്കിൽ പരമാവധി 400/ രൂപ മാത്രമാണ് കോഴിക്കർഷകർക്ക് ലഭിക്കുന്ന നഷ്ടപരിഹാരം. |
| (ബി) മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>(സി) കൃഷി വകുപ്പിന്റെ 10983/ എഎച്ച് ജി2/2013/ അഗ്രി ഫയൽ നമ്പർ പ്രകാരം ശ്രീമതി. ജമീലയ്ക്ക് അനുവദിച്ച തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ;<br>(ഡി) നഷ്ടപരിഹാരത്തുക നൽകുന്നതിനുണ്ടായ കാലതാമസം വ്യക്തമാക്കുമോ ? | **(ബി) യും (സി) യും (ഡി) യും**<br>മൃഗസംരക്ഷണ വകുപ്പിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് നിലവിൽ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. കണ്ടിജൻസി ഫണ്ടിൽ 2013-14 സാമ്പത്തിക വർഷത്തിൽ ആകെ 25 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.<br>റവന്യൂ വകുപ്പിന്റെ 12/09/2012 ലെ ജി.ഒ.(എം.എസ്) 343/12/ഡിഎംഡി പ്രകാരം നടപ്പു വർഷം കണ്ടിജൻസി ഫണ്ടിൽ നിന്നും ഏകദേശം 16ലക്ഷം രൂപ നഷ്ട പരിഹാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ദുരന്ത |

നിവാരണ ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡപ്രകാരം (റവന്യൂ വകുപ്പ്) കോഴിക്കർഷകർക്ക് നൽകാവുന്ന നഷ്ടപരിഹാരം കോഴി ഒന്നിന് 37/- രൂപ നിരക്കിൽ പരമാവധി 400/- രൂപ മാത്രമാണ്.

കോഴി/താറാവ് എന്നിവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമല്ല. അതിനാൽ കോഴി/താറാവ് എന്നിവ കൂട്ടത്തോടെ ചത്തൊടുങ്ങുമ്പോൾ കർഷകർക്ക് അർഹതപ്പെട്ട നഷ്ടപരിഹാരം നൽകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. കണ്ടിജൻസി ഫണ്ടിൽ നിന്നും നഷ്ടപരിഹാരത്തിനായി നിരവധി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ട് താരതമ്യേന കുറവുമാണ്. അതിനാൽ കണ്ടിജൻസി ഫണ്ടിൽ നിന്നും കോഴി/ താറാവ് കർഷകർക്ക് കൂടുതൽ തുക നഷ്ടപരിഹാരം നൽകാൻ കഴിയുന്ന വിധത്തിൽ ഒരു മാനദണ്ഡം നിശ്ചയിക്കേണ്ടതുണ്ട്. റവന്യൂ, ധനം, ആസൂത്രണം എന്നീ വകുപ്പുകളുമായി ആലോചിച്ച് ഇക്കാര്യം പരിശോധിച്ചു വരുകയാണ്.

സെക്ഷൻ ഓഫീസർ